FRIDAY SERMON / വെള്ളിയാഴ്ച ഖുത്തുബ
02 February 2018
(15 Jamad'ul Awwal 1439 AH)

# "THE HUMAN CONDITION & REMEDIES".
# മാനവ വ്യഥകളും പരിഹാരങ്ങളും

## THE SUPER BLUE BLOOD MOON OF 31 JANUARY 2018.
## 2018 ജനുവരി 31-ാം തീയതിയിലെ സൂപ്പർ, ബ്ളൂ, ബ്ളഡ് മൂൺ

സലാമിനു ശേഷം ഹസ്രത് ഖലീഫത്തുല്ലാഹ് തശഹ്ഹുദ്, തഅവ്വദ്, സൂറ : അൽഫാതിഹ ഓതിയ ശേഷം മാനവ വ്യഥകളും പരിഹാരങ്ങളും എന്ന വിഷയത്തെ ആസ്പദമാക്കി വെള്ളിയാഴ്ച ഖുത്തുബ ആരംഭിക്കുക യുണ്ടായി.

2018 ജനുവരി 31-ാം തീയതി ബുധനാഴ്ച അസാധാരണവും ദിവ്യവു മായ ഒരു ദൃഷ്ടാന്തത്തിന് ലോകം സാക്ഷ്യം വഹിച്ചു. ഈ അടയാളം അഥവാ പ്രതിഭാസം സൂപ്പർ, ബ്ളു, ബ്ളഡ്മൂൺ ആയിരുന്നു. സൂപ്പർ,ബ്ളൂ, ബ്ളഡ് മൂൺ എന്ന് പറഞ്ഞാൽ യഥാർത്ഥത്തിൽ എന്താണ് ? ഇത് ചന്ദ്രന്റെ മൂന്ന് വിചിത്രതയുടെ സംയോജനമാകുന്നു. ഈ പ്രതിഭാസത്തിന്റെ വിശ ദീകരണം വളരെ ലഘുവായി പറഞ്ഞാൽ (അഥവാ ഈ ദൈവീക ദൃഷ്ടാ ന്തത്തെ അല്പം കൂടി ലഘുകരിച്ചാൽ പ്രകൃതിയുടെ പ്രസ്തുത ഉപഗ്രഹം ഭൂമിയുമായി തൽസമയം വളരെ അടുത്തു വരുന്നു. (അപ്പോൾ അത് നമുക്ക് ഒരു പൂർണ്ണചന്ദ്രനെ (സൂപ്പർമൂൺ) പ്രദാനം ചെയ്യുന്നു. അതോടൊപ്പം പ്രസ്തുത മാസത്തിലെ തന്നെ രണ്ടാമത്തെ പൂർണ്ണ ചന്ദ്രനായിരിക്കും. (ബ്ലൂ മൂൺ) അതുപോലെ തന്നെ പ്രസ്തുത സമയത്ത് ചന്ദ്രന് ഗ്രഹ ണവും / ഇരുളും ബാധിക്കുന്നു. (ബ്ലഡ് മൂൺ) അങ്ങനെ ഇത് ഒരു

പൂർണ്ണ ചന്ദ്രനാണ്, അതോടൊപ്പം ബ്ലുമൂണുമാണ്. ഗ്രഹണവും / മങ്ങലും ബാധിക്കുന്നു. ലോകത്തിന്റെ ചില ഭാഗങ്ങളിൽ സമ്പൂർണ്ണമായിരിക്കും. അതിന് നാം പറയുന്നത് ബ്ളഡ് മൂൺ എന്നാകുന്നു. ചന്ദ്രന് ഗ്രഹണം ബാധിച്ചിരിക്കുന്നു) ഈ മൂന്ന് പ്രതിഭാസങ്ങളും ഭൂമിയുടെ ചില ഭാഗങ്ങളിൽ മാത്രമെ ദൃശ്യമാവുകയുള്ളു. അമേരിക്കയിലും, ഏഷ്യയിലും, ആസ്ട്രേലിയായിലും 152 വർഷങ്ങൾ ശേഷമാണ് ഈ പ്രതിഭാസമുണ്ടായിരിക്കുന്നത്. എന്നാൽ യൂറോപ്യൻ രാജ്യങ്ങളിൽ, പ്രാൻസ് തുടങ്ങിയ രാജ്യങ്ങളിൽ, ഈ പ്രതിഭാസം ആകാശ ദൃഷ്ടാന്തം ദൃശ്യമല്ല. (എന്നാൽ 1982 ൽ ദൃശ്യമായിരുന്നു. എന്നാൽ ഇവിടെ മൗറിഷ്യസിൽ 152 വർഷങ്ങൾക്ക് ശേഷം, നാം ഇതിന് സാക്ഷ്യം വഹിച്ചിരിക്കുകയാണ്, എന്നാൽ ഇത് ഒരു ഭാഗിക ചന്ദ്രഗ്രഹണം മാത്രമായിരുന്നു. അത് ഏതാനും മിനിറ്റുകൾക്കുള്ളിൽ അവസാനിക്കുകയും ചെയ്തു.

ഈ പ്രതിഭാസം ജനങ്ങൾക്കിടിയിൽ സംസാര വിഷയമായി തീർന്നു. ഓരോരുത്തരും ഇതിന്റെ പൊരുൾ സംബന്ധമായി ഓരോന്ന് ഊഹിച്ചു പറയുവാൻ തുടങ്ങി. ലോകാവസാനത്തിന്റെ സൂചനയാണെന്ന് ചിലർ പറയുവാൻ തുടങ്ങി. അധികം താമസിയാതെ രക്ഷകൻ പ്രത്യക്ഷപ്പെടുന്നതാണ്. സത്യം ഇതാണ്. നാം ലോകാവസാന നാളുകളിലാണ് ജീവിച്ചു കൊണ്ടിരിക്കുന്നത്. ജനം പ്രതീക്ഷിക്കുന്ന രക്ഷകനോ നിങ്ങളിൽ തന്നെ ഇതിനകം വന്നു കഴിഞ്ഞിരിക്കുന്നു. ദൈവീകമായ ഇത്തരം ആകാശ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുമ്പോൾ, നിങ്ങൾ കാണുമ്പോൾ, ദൈവദൂതന്റെ വരവിന്റ പിന്താങ്ങൽ ദൃഷ്ടാന്തങ്ങളാണ്. (സാധാരണ മനുഷ്യനെ സംബന്ധിച്ചിടത്തോളം അവന്റെ ജീവിതകാലത്ത് ഇത്തരം അടയാളങ്ങൾ അത്യപൂർവ്വമാണ്. ലോകത്ത് പ്രത്യക്ഷമായ അടയാളത്തിന്റെ രീതി വെച്ചു നോക്കുമ്പോൾ, ലോകത്തിലെ അനേകം മതങ്ങളിലെ വിശുദ്ധ ഗ്രന്ഥങ്ങളിൽ പ്രതിപാദിക്കപ്പെട്ടിരിക്കുന്ന പ്രവചനങ്ങളും, വിശുദ്ധഖുർആനിൽ അല്ലാഹു (ത) നമ്മെ പഠിപ്പിച്ചതും, വ്യക്തമായും മനസ്സിലാക്കി തരുന്നത്, മാനവ സമൂഹം ഇതു സംബന്ധമായി ചിന്തിക്കുവാനുള്ള ദൈവീക ദൃഷ്ടാന്തങ്ങൾ തന്നെയാണ്, അതിലൂടെ അവരുടെ പെരുമാറ്റത്തിന് മാറ്റം വരുത്തി

സ്വയം സംസ്ക്കരിക്കുവാൻ തന്നെയാണ്. ഈ പ്രകടമായ എല്ലാ അട യാളങ്ങളും , ഈ ലോകത്തിന്റെ അവസാന നാളുകളിലാണ് നാം ജീവി ക്കുന്നത് എന്ന കാര്യം പ്രഖ്യാപിക്കുന്നതാണ്. എല്ലാവരും പ്രത്രീക്ഷി ക്കുന്ന രക്ഷകൻ (ഇത് ലോകാവസാനം വരെ വരും കാലങ്ങളിലും പ്രത്യ ക്ഷമായി കൊണ്ടിരിക്കുന്നതാണ്) വന്നു കഴിഞ്ഞിരിക്കുന്നു. അവൻ നിങ്ങളിൽ തന്നെയുണ്ട്. മുഹമ്മദ് (സ) യുടെ ഒരു വചനത്തിൽ സൂചി പ്പിച്ചതുപോലെ ഒരു ഗ്രഹണം ആരുടെയും ജന്മദിനത്തെയോ മരണദി നത്തെയോ പറ്റി പ്രഖ്യാപിക്കാനുള്ളതല്ല. അങ്ങനെ സംഭവിക്കുന്നതുമ ല്ല. എന്നാൽ അദ്ദേഹം തുടർന്ന് പറയുകയുണ്ടായി, വാഗ്ദത്തമസീ ഹിന്റെ, മഹ്ദിയുടെ ആഗമനത്തെ അറിയിക്കുന്നതാണ്. അന്ന് രണ്ട് ഗ്രഹണങ്ങളുണ്ടാകുന്നത് ഒന്നു ചന്ദ്രഗ്രഹണവും മറ്റൊന്ന് സൂര്യഗ്രഹ ണവും, റമദാൻ മാസത്തിൽ തന്നെ ഇവ രണ്ടും സംഭവിക്കുന്നതാണ്. ഇത് മഹ്ദിയുടെ കാലത്ത് ഹസ്രത്മിർസാഗുലാം അഹ്മദിന്റെ കാലത്ത് സംഭവിക്കുകയുണ്ടായി. അത് ഈ വിനിത ഖലീഫത്തുല്ലാഹ്യുടെ കാലത്തും പുലരുകയുണ്ടായി. ഈ ആകാശ ദൃഷ്ടാന്തം, സൂപ്പർ, ബ്ലൂ, ബ്ലഡ്മൂൺ, വാഗ്ദത്തമസീഹ് ഹസ്രത് അഹ്മദ് (അ) ന്റെ പ്രഖ്യാപന ത്തിന് ഏതാനം വർഷം മുമ്പ് പ്രത്യക്ഷപ്പെടുകയുണ്ടായി. ഇവയെല്ലാം ലോകത്തെ പിടിച്ചു കുലുക്കുന്ന ഭയാനകമായ സംഭവങ്ങളിലേയ്ക്കുള്ള ദൈവീക ദൃഷ്ടാന്തങ്ങൾ തന്നെയാണ്. വിശിഷ്യാ ജനം ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെ അംഗീകരിക്കുന്നില്ലെങ്കിൽ, അല്ലാഹുവിനെ വിസ്മ രിക്കുന്നതിൽ നിർബന്ധം പിടിക്കുകയാണെങ്കിൽ, പൊയ്ദൈവങ്ങളെ ആരാധനയിൽ, അവനോടൊപ്പം പങ്കു ചേർക്കുകയാണെങ്കിൽ !

## അടിമത്വം ഇല്ലായ്മ ചെയ്തിട്ട് 183 വർഷങ്ങൾ !

ഇന്നലെ, നിങ്ങൾക്കെല്ലാപേർക്കും അറിയാവുന്നതുപോലെ, പൊതു അവധിദിനമായിരുന്നു. അടിമത്വം നിർത്തൽ ചെയ്തിട്ട് 183 വർഷമായി. നമ്മുടെ മുൻരക്ഷകർത്താക്കളായിരുന്നവർ, (എല്ലാ രാജ്യത്തെയും) എണ്ണ മറ്റ ക്രൂര പീഡനങ്ങൾക്കിരയായിട്ടുണ്ട്, പ്രയാസങ്ങളിൽ അകപ്പെട്ടിട്ടുണ്ട്. വളരെ വലിയ ബുദ്ധിമുട്ടുകളനുഭവിച്ചിട്ടുണ്ട്, അവരുടെ അടിസ്ഥാന

അവകാശങ്ങൾ, അവരുടെ മനുഷ്യാവകാശങ്ങൾ, ചവിട്ടിമെതിക്കപ്പെട്ടു. 1800 കളിൽ ലോകത്തിലെ രാജ്യങ്ങളോരോന്നും ഒന്നിനു പിറകെ മറ്റൊന്നായി അടിമത്വം നിർത്തൽ ചെയ്യുവാൻ ആരംഭിച്ചു. നോക്കു ! ഇസ്ലാമിന്റെ അവസ്ഥ എന്താണെന്ന് ! സമ്പൂർണ്ണമതമായ ഇസ്ലാം അതിന്റെ മഹത്വം എത്രമാത്രം സമുന്നതമാണ് ! ഇസ്ലാമാണ്, ആദ്യമായി അറേബ്യയിൽ 7-ാം നൂറ്റാണ്ടിൽ, അതി മഹാനായ പ്രവാചകന്റെ ആഗമനത്തോടെ, ലോകം തൊട്ടറിഞ്ഞിട്ടില്ലാത്ത, ലോകം ഭാവിയിൽ വീണ്ടും സാക്ഷ്യം വഹിച്ചിട്ടാല്ലാത്ത (അതായത്, സ്വഭാവ ദാർഢ്യമുള്ള അതുപോലൊരു പ്രവാചകനെ) മനുഷ്യ സമൂഹത്തെ പഠിപ്പിക്കുവാനായി ദൈവീക കല്പനകൾ ! അവതരിപ്പിച്ചു കൊണ്ടിരുന്ന സമയം അടിമത്വം കുറെശ്ശയായി നിർത്തൽ ചെയ്യുവാനുള്ള കല്പനകൾ ! അടിമത്വം ഇല്ലായ്മ ചെയ്യുവാനുള്ള പ്രസ്തുത നടപടി ബൃഹത്തായ നടപടി തന്നെയായിരുന്നു. കാരണം ആ സമയം അടിമകളെ മൃഗങ്ങളെ പോലെയാണ് കരുതിയിരുന്നത്. മഹാനായ പ്രവാചകൻ മുഹമ്മദ് (സ) യുടെ വരവോടെ, അടിമകൾ, ഒരവകാശവും ഇല്ലാതിരുന്നവർ, അവരുടെ അവകാശങ്ങൾ നേടി എടുത്തു. അവരുടെ മനുഷ്യാവകാശങ്ങൾ വീണ്ടെടുത്തു, അല്ലാഹു (ത) ഖുർആനിക അധ്യാപനങ്ങളിലൂടെയും പ്രവാചകന്റെ മാതൃകയിലൂടെയും അടിമകളെ സ്വതന്ത്ര്യരാക്കുന്ന വാതിൽ തുറന്നിട്ടു, അതിലൂടെ മനുഷ്യരെന്ന നിലയിലുള്ള അവരുടെ മാന്യതയും സ്വാതന്ത്ര്യവും അവർക്ക് വീണ്ടെടുക്കുവാൻ സാധിച്ചു. അൽഹംദുലില്ലാഹ് സുമ്മ അൽഹംദുലില്ലാഹ് ! നമ്മെ മുസ്ലിംകളാക്കിയതിന് നാം അല്ലാഹുവിനോട് നന്ദി രേഖപ്പെടുത്തേണ്ടതാണ്. നമ്മുടെ എല്ലാ മനുഷ്യാവകാശങ്ങളും അവൻ വകവെച്ചു തന്നിരിക്കുന്നു. സത്യത്തിൽ നാം വളരെ ഭാഗ്യവന്മാരാണ്. കഴിഞ്ഞകാല ജനതയുമായി താരതമ്യപ്പെടുത്തുമ്പോൾ അവരനുഭവിച്ച പരമ ദാരിദ്ര്യവും അവരെ ചതിച്ചോ ബലം പ്രയോഗിച്ചോ കൊണ്ടു പോകുമ്പോൾ, അവർ വില്ക്കപ്പെടുമ്പോൾ, അവർ അടിമകളാകാൻ നിർബന്ധിതരായി തീരുമ്പോൾ, അവരുടെ മാതൃരാജ്യത്തു നിന്നും അവരെ പിഴുതു മാറ്റപ്പെടുമ്പോൾ, മറ്റു രാജ്യങ്ങളിലേക്ക് കപ്പൽ മാർഗ്ഗം കടത്തപ്പെടുമ്പോൾ

പ്രസ്തുത രാജ്യങ്ങളിൽ മൃഗങ്ങളെ പോലെ ജോലി ചെയ്യപ്പെടുമ്പോൾ, അവരുടെ അവസ്ഥ എന്തായിരുന്നിരിക്കണം ! ഈ ദാരുണമായ അവസ്ഥ യിൽ കഴിഞ്ഞ എല്ലാവരോടും ദൈവം കരുണ ചൊരിയട്ടെ ! ഇത്തരം പ്രയാ സകരമായ സാഹചര്യങ്ങളിൽ അവർ കാണിച്ച ക്ഷമയ്ക്കും സഹന തയ്ക്കും ത്യാഗത്തിനും അർഹമായ പ്രതിഫലം ദൈവം നല്കട്ടെ ! ആമീൻ

## മാനവ വ്യഥകളും പരിഹാരങ്ങളും "THE HUMAN CONDITION & REMEDIES".

ലോകം അതിവേഗം വികസിച്ചു കൊണ്ടിരിക്കുന്നു. ഇത് സ്ഥിരമായി ആധുനികവൽക്കരിച്ചു കൊണ്ടിരിക്കുന്നു. തദ്വാര ലോകം ചെറുതായി ക്കൊണ്ടിരിക്കുന്നു. ജീവിത രീതി ചുരുങ്ങിക്കൊണ്ടിരിക്കുന്നു. ഒരു മേശയ്ക്കു ചുറ്റും ഒരുമിക്കാവുന്നതുപോലെ ലോക ജനത അടുത്തു കൊണ്ടിരിക്കുന്നു. മുഴുലോകത്തിനും വീണ്ടും ഒരുമിക്കുവാനും, ആശയ വിനിമയം നടത്തുവാനും ജീവിതവും ആശയങ്ങളും പങ്കു വെയ്ക്കാവു ന്നതരത്തിലേക്ക് വളർന്നു കൊണ്ടിരിക്കുന്നു. എന്നാൽ അധികാരത്തി ന്റെയും ധനത്തിന്റെയും മത്സരം നടക്കുമ്പോൾ, ധനവാന്മാർ കൂടുതൽ ധനവാന്മാരായി മാറുന്നു. പാവപ്പെട്ടവർ കൂടുതൽ പാവപ്പെട്ടവരായി മാറു ന്നു. ലോകം തുടർന്നും നിലനില്ക്കുന്നതാണ് ഏകനായ സൃഷ്ടാവ് മറി ച്ചൊന്നു തീരുമാനിക്കുവോളം !

പാവപ്പെട്ടവനായാലും പണക്കാരനായാലും ഓരോരുത്തരും അവരവരുടേതായ ഒരു ജീവിതം ജീവിക്കുന്നു. എന്നാൽ നമ്മിൽ എത്ര പേർ ആരോഗ്യത്തെക്കുറിച്ച് ഗാഢ മായി ചിന്തിക്കുന്നു? വിനോദത്തെകുറിച്ച് ഭക്ഷണത്തെകുറിച്ച് സുഖത്തിനു വേണ്ടിയുള്ള ചെലവിനെകുറിച്ച്? ഒരു രാജ്യത്ത് കഴിയുന്ന അന്തേവാസികളുടെ ഈ ആവശ്യങ്ങളെകു റിച്ച് നാം എത്ര കണ്ട് ബോധവാന്മാരാണ്? എന്നാൽ ഇതിനെല്ലാം ഉപരിയായി, പ്രാർത്ഥ നയിലൂടെ തങ്ങളുടെ സൃഷ്ടാവിനെ ഓർക്കുന്നതിനായി, തങ്ങളുടെ വിലപ്പെട്ട സമയ ത്തിൽ എത്ര സമയം അവർ മാറ്റി വെയ്ക്കുന്നു? പണക്കാർക്ക് അവരുടെ ജീവിതം ശാന്തമായി നയിക്കുന്നതിന് പ്രശ്നമൊന്നുമില്ല. പാവപ്പെട്ടവന് മറിച്ച് ഏതു രാജ്യത്താ യാലും ഇത്തരം ആളുകൾ ദാരിദ്രത്തിൽ തന്നെ കഴിയേണ്ടി വരുന്നു. അതിന്റെ വിവിധ ങ്ങളായ കാരണങ്ങളാണ്, ക്ഷാമം, രോഗം, വീട് ഇല്ലായ്മ, തൊഴില്ലായ്മ തുടങ്ങി യവ

എങ്ങനെ ആയാലും, ജനങ്ങൾ, അവരുടെ സാഹചര്യം എങ്ങനെ ആയാലും ശരി, അവർ ജീവിക്കുന്നു. ചിലർ മരിയ്ക്കുവാൻ ആഗ്രഹിച്ചേക്കാം ! കാരണം അവർ കടുത്ത ദാരിദ്രത്താലും, കൊടിയ പ്രയാസങ്ങളാലും ഇടിച്ചുപിഴിയപ്പെടുകയാണ്. ! എന്നാൽ ജീവിതവും, മരണവും, നമ്മെ, ആശ്രയിച്ചു നില്ക്കുന്നതല്ല. അത് പരമോന്നതനായ അല്ലാഹുവിന്റെ സമ്പൂർണ്ണമായ, സവിശേഷാധികാരത്തിൽപെട്ടതാണ്.

അപ്പോൾ പിന്നെ, എന്തേ ഇത്ര പ്രയാസങ്ങൾ ? ഇത്ര ദൗർഭാഗ്യങ്ങൾ ? എല്ലാത്തിനെയും നിയന്ത്രിക്കുകയും എല്ലാം അറിയുകയും ചെയ്യുന്ന, പരമോന്നതനായ സൃഷ്ടാവായ അല്ലാഹു നമ്മെ സ്നേഹിക്കുന്നില്ലേ ? നമ്മുടെ ജീവിത രീതികളെ അവൻ ഇഷ്ടപ്പെടുന്നില്ലേ? അഥവാ നാം ചെയ്യുന്ന കാര്യങ്ങളെ അവൻ ഇഷ്ടപ്പെടുന്നില്ലേ ? യഥാർത്ഥത്തിൽ ഇല്ല നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) യുടെ ഒരു ഹദീസിൽ പറഞ്ഞിരക്കുന്നു. നാം മനുഷ്യരെന്ന നിലയിൽ വിശിഷ്യാ ഉമ്മത്ത് എന്ന നിലയിൽ, നമ്മുടെ സൃഷ്ടാവിനോടുള്ള നമ്മുടെ കടമകൾ വളരെ പെട്ടെന്ന് മറന്നു പോകുന്നു. അതുകൊണ്ട് കാര്യങ്ങളൊക്കെ കീഴ്മേൽ മറിയുന്നു. സാഹചര്യം മാറുമ്പോൾ ജീവിതം താളം തെറ്റുന്നു. പിരിമുറുക്കം, ഉത്കണ്ഠ, കോപം, വിഷമം, സംശയം തുടങ്ങിയവ നമ്മെ പിടികൂടുന്നു.

ലോകത്തിലെ ബഹുഭൂരിഭാഗം ജനങ്ങളും എന്തുകൊണ്ടാണ് ദാരിദ്ര്യത്തിൽ ആണ്ടു കിടക്കുന്നത്, വളരെ കുറച്ചാളുകൾ, വളരെ വലിയ പണക്കാർ, അതും വളരെ കുറച്ചാളുകൾ എന്തുകൊണ്ട് ഈ താത്ക്കാലിക ലോകത്തെ നിയന്ത്രിക്കുന്നു? ചിലർ കരുതുന്നു അവർ വലിയ ശക്തന്മാരാണ് കാരണം അവരുടെ സൗഭാഗ്യം കൊണ്ട് ! അവരെ അർത്ഥ ദൈവങ്ങളായി കരുതുന്നു. എന്നാൽ ഞാൻ വ്യക്തമാക്കട്ടെ ! പണക്കാരനാകട്ടെ പാവപ്പെട്ടവനാകട്ടെ, നാം ഇരുകൂട്ടരും ഒരേ ഭയത്തോടെ ജീവിക്കുന്നു. ഒരേ തീവ്രമായ ശാരീരിക മാനസിക വേദനയോടെ ജീവിക്കുന്നു, ഒരേ രീതിയിലുള്ള ഉത്കണ്ഠയിൽ കഴിയുന്നു.

നാമിന്ന് 21 -ാം നൂറ്റാണ്ടിലാണ് ജീവിക്കുന്നത്. നാമിന്ന് ഒരു ചിന്താ

കുഴപ്പത്തിലാണ്, കാരണം ഭൗതികതയാണ് (അതായത് ആളുകൾക്കെല്ലാം ഭൗതികമായ ഒരു മനസ്സാണുള്ളത്) എല്ലായിടത്തും നടമാടുന്നത്. സമുദായത്തിനകത്തുപോലും ! ഭൗതിക സമൃദ്ധി എന്നത് ഈ ലോകത്തു മാത്രം പ്രയോജനമുള്ള കാര്യമാണ്. പരലോകത്തിനായി നാം എന്താണ് തയ്യാർ ചെയ്തിരിക്കുന്നത് ? അതിനായി നാം വേണ്ടതു ചെയ്തിട്ടുണ്ടോ ? ഇവിടെ ഭൂമിയിൽ, മൊത്തത്തിൽ ചിന്താകുഴപ്പമാണ്, ഹൃദയ മുറിവുകളിലേക്കാണ് അത് നമ്മെ നയിച്ചു കൊണ്ടിരിക്കുന്നത്. ദുർബലമായ ആത്മാവിനെ അത് പൊട്ടിച്ചു കളയുന്നു.

നാം മെഡിക്കൽ വാർത്ത മാത്രം പിന്തുടരുന്നവരാണ്. മെഡിക്കൽ ലോകത്തെകുറിച്ചുള്ള അറിവിനായി തിരക്കു കൂട്ടുന്നു. (ഫാർമസ്യൂട്ടിക്കൽ, ഡ്രഗ്സ്) ശാസ്ത്രജ്ഞന്മാർ എല്ലാ വിധ ക്ലേശങ്ങളെയും നേരിടുന്നതിന് മരുന്നുകൾ ഉല്പാദിപ്പിക്കുന്നു. ആധുനിക ലോകത്തിലെ രോഗങ്ങളെ പ്രതിരോധിക്കാനായി അതായത് ഉത്കണ്ഠ, കോപം, ഞരമ്പ് രോഗങ്ങൾ തുടങ്ങിയവ. വലിയ അളവിൽ ചിലപ്പോൾ മരുന്നുകൾ നിർദ്ദേശിക്കപ്പെടുന്നു. ചിലപ്പോൾ പ്രസ്തുത മരുന്നുകൾ പാർശ്വഫലങ്ങൾ സൃഷ്ടിക്കുന്നു. അങ്ങനെ വഷളായ സാഹചര്യം വീണ്ടും വഷളാകുന്നു. അവൻ പണക്കാരനായാലും ശരി, പാപപ്പെട്ടവനായാലും ശരി, പ്രൈവറ്റ് ആശുപത്രികളിൽ ! ചിലപ്പോൾ ഗവ : ആശുപത്രികളിൽ ! എന്നാൽ രോഗിക്ക് ആവശ്യമായ സന്തോഷം ലഭ്യമാകുന്നില്ല, അവന് ഇനി അത് കിട്ടിയാൽ തന്നെ അത് അസ്ഥിരമായ സൗഖ്യമാകുന്നു. അങ്ങനെ അവൻ വളരെ മോശമായ സാത്താനിക ചികിത്സയിലേക്ക് തിരിയുന്നു. അതവനെ സാഹചര്യം വീണ്ടും വഷളാക്കുന്നു. എന്നാൽ ഫലപ്രദമായ ഓരേ ഒരു പ്രതിവിധി, പരിഹാരം അതോ വളരെ ഫലപ്രദവുമാകുന്നു. മുതൽ മുടക്കില്ലാതെ ലഭ്യവുമാണ്. എന്നാൽ അത് അവഗണിച്ചിരിക്കുന്നു. വിസ്മരിച്ചിരിക്കുന്നു. ഒരു വശത്തേക്ക് മാറ്റി നിർത്തിയിരിക്കുന്നു. പരമോന്നതായ അല്ലാഹുവിലേക്കുള്ള ഒരു വിളി.

അതെ, അവനിലേക്ക് തിരിയൂ ! അവൻ രക്ഷകനാണ്. രോഗങ്ങൾ സുഖപ്പെടുത്തുന്നവനാണ്. സംരക്ഷിക്കുന്നവനാണ്. കാരുണ്യവാരിധിയാണ് അവൻ എല്ലാവിധ പരിഹാരവും പ്രതിരോധവും നമുക്കായി തീർക്കുന്ന

വനാണ്. പണം കൊടുക്കാതെ, സമയവും കാലവും ചോദിച്ചു അനുവാദം വാങ്ങാതെ ! അവൻ എല്ലായ്പ്പോഴും നമ്മോട് പറയുന്ന ഒരു കാര്യം, എല്ലായ്പ്പോഴും അവനെ ഓർക്കുക, എന്നതാണ്. നമ്മുടെ ആവലാതി കേൾക്കുമ്പോൾ അവൻ എപ്പോഴും റെഡിയാണ്. സുഖമില്ലാത്ത നാം ചെയ്യേണ്ട ഒരു കാര്യം നമുക്ക് ദൃഢമായ വിശ്വാസവും സത്യസന്ധതയും എപ്പോഴും അവനിൽ ഉണ്ടായിരിക്കണം. അവനിൽ വിശ്വസിക്കു ! അവന്റെ പ്രതിവിധികളിൽ വിശ്വസിക്കു ! അവന്റെ ദിവ്യാത്ഭുതങ്ങളിൽ വിശ്വസിക്കു ! ഇതിന് നാം തയ്യാറാണോ ? അതെ നാം അതിന് തയ്യാറാകേണ്ടതാണ്. നാം നമ്മുടെ സൃഷ്ടാവിൽ തീർച്ചയായും ഭരമേല്പിക്കണം ! അല്പം പോലും സംശയമില്ലാതെ ! മാറ്റി വെയ്ക്കാതെ ! എല്ലാ സൃഷ്ടികളിലും വെച്ച് നാം, മനുഷ്യർ, ഏറ്റവും ഭാഗ്യവാന്മാരാണ്. അല്ലാഹു (ത) നമുക്ക് എല്ലാം തന്നു. നാമൊന്നും അങ്ങോട്ടും കൊടുക്കാതെ ! അപ്പോൾ അത് ശ്രദ്ധാപൂർവ്വം ഉപയോഗിക്കുക എന്നത് നമ്മുടെ ബാധ്യതയാണ്. മിതാവസ്ഥയിൽ, താഴ്മയോടെ ! ഏറ്റവും നല്ല സാധനങ്ങളും ഏറ്റവും നല്ല ജോലികളും, ഏറ്റവും വലിയ സുരക്ഷിതത്വവും മനുഷ്യർക്കു തന്നെയാണ്. അവൻ ഒരു കാര്യത്തിനും പരാതിപ്പെടാൻ പാടില്ലാത്തവിധം, അവൻ എല്ലാം നല്കിയിരിക്കുന്നു. പരിധിയില്ലാത്ത നിലയിൽ അതവന് എത്തിപിടിക്കാവുന്നതാണ്.

കാര്യങ്ങൾ ഇങ്ങനെ എല്ലാം ആണെങ്കിലും, മനുഷ്യന്റെ ആത്മാവ് ഒരിക്കലും സമാധാനത്തിലല്ല. ആത്മാവ് എല്ലായ്പ്പോഴും ഉത്കണ്ഠയിലാണ്. ഭയപ്പാടിലാണ്, സമാധാനമില്ലാതെ ! ശരീരത്തിൽ നിന്നും സന്തോഷവും, ആഹ്ളാദവും, ഉല്ലാസവും ആട്ടി ഓടിക്കപ്പെട്ടിരിക്കുന്നു. തന്റെ നിത്യജീവിതത്തിൽ സമ്പൂർണ്ണമായും അവൻ കാണുന്നത് അന്ധകാരം മാത്രമാണ്. സമാധാനമെയില്ല. ചുക്കാനില്ലാത്ത ഒരു ബോട്ടാണിത്. ഭയാനകമായ തിരമാലകളുടെ സഹായത്താൽ നീങ്ങിക്കൊണ്ടിരിക്കുന്നു. ഏതു സമയത്തും എന്തും സംഭവിക്കാം. ചിലപ്പോൾ വളരെ മോശമായതു തന്നെ സംഭവിക്കാം. നാം ഉപേക്ഷിക്കപ്പെട്ടതാണെന്ന തോന്നൽ ! ഭൗതികമായ എല്ലാ സാധനസാമഗ്രികളും ഉപയോഗിച്ചു കഴിഞ്ഞിരിക്കുന്നു. അനുകൂലമായ ഒരു പ്രതിഫലവുമില്ല. മനുഷ്യർ ഉപയോഗിച്ച തോർത്തു പോലെ

എറിയപ്പെട്ടിരിക്കുന്നു. അവൻ നിസ്സഹായകനായിരിക്കുന്നു. യാതൊരു കഴിവുമില്ലാത്തവനായിരിക്കുന്നു. എന്നാൽ ഇത്തരം പ്രതികൂല സാഹചര്യങ്ങളിൽ, ഏതൊരു മുസ്ലിമിനും യഥാർത്ഥ പരിഹാരമുണ്ട് അല്ലാഹ് ! അല്ലാഹ് ! അല്ലാഹ് ! അല്ലാഹ് മാത്രം !

ഉമ്മത്തിലെ ഓരോ അംഗവുമായ നാം കിഴുക്കാന്തുക്കായി നില്ക്കുന്ന മലയുടെ അഗ്രത്തെത്തിയിരിക്കുകയാണ്. ഈ സന്ദർഭത്തിൽ നാം അധൈര്യപ്പെടരുത് ! ഉമ്മത്തിലെ ഓരോ അംഗവും ശക്തി വീണ്ടെടുക്കേണ്ടതുണ്ട്. അതിനായി സ്രഷ്ടാവിലേക്ക് തിരിയുക... സമാനതകളില്ലാത്ത സ്രഷ്ടാവിലേക്ക് ! തല മുതൽ കാല്പാദം വരെ മനുഷ്യനെ അറിയാവുന്ന ഒരേ ഒരുവൻ അവൻ മാത്രമാണ്. അതു മാത്രമാണ് നേരെയുള്ളത്. ഈ മനുഷ്യനെ നിർമ്മിച്ചത് / സൃഷ്ടിച്ചത് അവനല്ലേ ? അവനെ രൂപപ്പെടുത്തിയത് അവനല്ലേ ? അവന്റെ ആത്മാവ് അവനിൽ പ്രവേശിപ്പിച്ചത് അവനല്ലേ ? ശക്തി പകർന്നത് അവനല്ലേ? ധൈര്യം നല്കിയത് അവനല്ലേ? നല്ലതും ചീത്തയും തിരിച്ചറിയുവാനുള്ള കഴിവ് നല്കിയത് അവനല്ലേ? സമ്പൂർണ്ണ സൃഷ്ടാവ് എന്ന നിലയിൽ അവനെകുറിച്ച് അവന്റെ മനസ്സിനെകുറിച്ച് സമ്പൂർണ്ണമായും അറിയുന്നവൻ അവൻ തന്നെയല്ലേ ? അവൻ അവന്റെ വേദന അറിയുന്നു. ലോകത്തുള്ള സകല മനുഷ്യരുടെയും വിചാരവികാരങ്ങൾ അവനറിയുന്നു. ഭൂമിയിലെ നമ്മുടെ എല്ലാവരുടെയും പ്രവർത്തനങ്ങളെകുറിച്ച് അവന്റെ കയ്യിൽ ഒരു രജിസ്റ്റർ ഉണ്ട്. നമ്മുടെ കയ്യിൽ നിന്നും പണം അടിച്ചു മാറ്റുവാൻ ശ്രമിക്കുന്ന ആളുകളുടെ വഞ്ചനയുടെ ചിത്രവും അവന്റെ പക്കലുണ്ടാകും. ഓരോ പ്രശ്നത്തിന്റെ പരിഹാരവും, ഓരോ രോഗത്തിന്റെയും ചികിത്സയും അല്ലാഹു (ത) യുടെ പാതയിലല്ലേ കുടികൊള്ളുന്നത്?

ഈ വഴിയിൽ (അതായത് അല്ലാഹുവിന്റെ മാർഗ്ഗത്തിൽ) അവിടെ നിരാശയില്ല. അപകടമില്ല അനാവശ്യ ചെലവുകളില്ല. അതെ അവിടെ ചെലവുകളുണ്ടാകും. നിങ്ങളുടെ എല്ലാ ഊർജ്ജവും ചെലവഴിക്കപ്പെടുന്നത് അല്ലാഹുവിന്റെ കാരുണ്യം ലഭിക്കുന്നതിനു വേണ്ടി ആയിരിക്കും. അപ്പോൾ അതാണ് ജീവിത യാഥാർത്ഥ്യം. ഹൃദയത്തിന് സമാധാനം ലഭ്യമാകുന്നത് അല്ലാഹുവിനെ സ്മരിക്കുന്നതിലൂടെയല്ലേ? 13 : 29

ഇസ്ലാം സമ്പൂർണ്ണ മതമാണ്. ദൈവത്തിന് ഏറ്റവും ഇഷ്ടപ്പെട്ട മതവും അതു തന്നെ. ഇസ്ലാം വിഗ്രഹാരാധനയെ അംഗീകരിക്കുന്നില്ല. ക്രമാധികമായ കുറ്റപ്പെടുത്തുന്ന നിയമങ്ങളെയും അത് വകവയ്ക്കുന്നില്ല. അഥവാ അപ്രധാനമായ ആചാരാനുഷ്ഠാനങ്ങളെയും അത് പ്രോത്സാഹിപ്പിക്കുന്നില്ല.

നാം മുസ്ലിംകൾ ആകുന്നു. നമ്മുടെ പരിപാപനമായ ഉത്തരവാദിത്വം ഏക ദൈവത്തിൽ വിശ്വസിക്കുക എന്നതാണ്. എല്ലാ നേരത്തും നാ അവനിലേക്ക് തിരിഞ്ഞു നില്ക്കുക. എല്ലായ്പ്പോഴും അവനെ ആരാധിക്കുക. അതിനപ്പുറവുമില്ല ഇപ്പുറവുമില്ല. അല്ലാഹു (ത) കാരുണ്യമൂർത്തിയാണ്, അനുഗ്രഹനാഥനാണ്. അനന്തമായ ബുദ്ധികേന്ദ്രമാകുന്നു. ഒരിക്കലും അവൻ അവന്റെ പ്രജയെ കയ്യൊഴിയുന്നില്ല. വിശിഷ്യാ പ്രസ്തുത ഉമ്മത്തിനെ ? അവഗനണനയാലോ അശ്രദ്ധയാലോ, സൂക്ഷമതയില്ലായ്മയാലോ നാം അവനെ വിസ്മരിക്കുകയാണെങ്കിലും നാം അവനെ കയ്യൊഴിഞ്ഞാലും. (നമ്മെ അവൻ കയ്യൊഴിയുന്നില്ല) കാരണം അല്ലാഹു (ത) ക്ക് നമ്മോട് അത്രയ്ക്കും സ്നേഹമാണ്. അവൻ നമ്മെ ഫലപ്രദമായ വിവിധങ്ങളായ കഴിവുകളാൽ അണിയിച്ചൊരുക്കിയിരിക്കുകയാണ്. അതിശക്തമായ നിലയിൽ ! പ്രസ്തുതവഴികളിൽപ്പെട്ടതാണ്. വിശുദ്ധഖുർആൻ ! വിശുദ്ധപ്രവാചകൻ (സ) യുടെ വിശുദ്ധസുന്നത്ത് ! ഉമ്മത്തിന്റെ മേൽ ചൊരിഞ്ഞ അവന്റെ അനുഗ്രഹങ്ങളാണ് ! അപ്പോൾ നാം ഉമ്മത്തിലെ ജനത, ബോധവാന്മാരാണോ ഈ കാര്യത്തിൽ? ഫലപ്രദമായി ഇവയെ ഉപയോഗിക്കേണ്ടത് എങ്ങനെയാണെന്ന് നമുക്കറിയാമോ ? നമ്മുടെ വിശ്വാസ സ്ഥിരതയ്ക്കായി ഇത് ബുദ്ധിപരമായി ഉപയോഗിക്കുന്നുവോ? സ്വാത്വികതയ്ക്കായി, നമ്മുടെ ആത്മാവിനായി, നമ്മുടെ ശരീരത്തിനായി? വിശുദ്ധഖുർആനും വിശുദ്ധസുന്നത്തും ഉപയോഗിക്കുന്നുവോ?)

മാനവസമുദായത്തിനാകമാനമുള്ള വഴികാട്ടിയാണ് വിശുദ്ധഖുർആൻ. ഈ മാർഗ്ഗ ദർശക പുസ്തകത്തിന്റെ പ്രവർത്തന മാർഗ്ഗരേഖയാണ് തിരുനബിയുടെ സുന്നത്ത് !

മനുഷ്യനും ദൈവവും തമ്മിൽ, വേർപെടാത്ത ബന്ധം, തന്റെ സൃഷ്ടാവുമായി സ്ഥാപിക്കുക എന്നതാണ് ഇസ്ലാമിന്റെ പ്രാഥമിക പ്രബോധനം. ഈ ബന്ധം എന്നെന്നും നിലനില്ക്കേണ്ടതാണ്. എവിടെ നിർവൃതിയുണ്ടോ അവിടെ എല്ലാ മാനസിക പ്രശ്നങ്ങൾക്കും ചികിത്സയായി കഴിഞ്ഞു. ഈ താത്ക്കാലിക ലോകത്ത് ഏതെങ്കിലും തരത്തിലുള്ള ദൗർഭാഗ്യം നമ്മെ പിടികൂടിയാൽ, ദൈവവുമായുള്ള ഈ ബന്ധം മുസ്ലിം ഉമ്മത്തിനെ സംരക്ഷിച്ചു നിർത്തുന്നതാണ്. ഉമ്മത്തിലെ ഓരോ വ്യക്തിയുടെയും ഹൃദയത്തിൽ പ്രസ്തുത ബന്ധം നങ്കൂരമിട്ടു നിൽക്കേണ്ടതാണ്. നമുക്കാവശ്യമുള്ള സ്ഥിരത നിലനിർത്തി തരുന്നത് പരമോന്നതനായ അല്ലാഹു ആകുന്നു. നമുക്ക് പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ അവ പരിഹരിക്കപ്പെടുന്നു, പ്രയാസങ്ങൾ ദൂരീകരിക്കപ്പെടുന്നു.

ഈ ദൈവീക ഉടമ്പടിയിൽ നിന്നും ഒരു മുസ്ലിം വേർപെട്ടു കഴിഞ്ഞാൽ, തനിക്ക് തന്റെ പ്രശ്നങ്ങൾ പരിഹരിക്കാമെന്ന് തീരുമാനിച്ചു കഴിഞ്ഞാൽ, ഇത് അവന്റെ ഈമാന്റെ സത്തയെ കെടുത്തികളയുന്നു. അപ്പോൾ, ഈമാൻ ഇല്ലാത്ത മുസ്ലിമിന്റെ വില എന്താണ്? പേരിൽ മാത്രം (മുസ്ലിം എന്ന പേരു മാത്രം) അവശേഷിച്ചിരിക്കുന്നു.

ആയതിനാൽ അല്ലാഹുമായി അടുക്കുന്നതിന്, നാം ചെയ്യാവുന്നതെല്ലാം ചെയ്യേണ്ടിയിരിക്കുന്നു. നമ്മുടെ നിർവൃതിയുടെ ഉറവിടം അവൻ മാത്രമാണ്. നിർവൃതിയോടെ നാം കഴിയുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, പരീക്ഷണഘട്ടങ്ങളിൽ പോലും, നാം അവനിൽ മാത്രം നമ്മുടെ കാര്യങ്ങൾ ഭരമേല്പിക്കുക. അവനാണ് നമ്മുടെ സൃഷ്ടാവ് ! നമുക്ക് വിജയിക്കുവാൻ കഴിയും, നമുക്ക് ആന്തരിക നിർവൃതിയുടെ വാതിലുകൾ തുറക്കുവാൻ കഴിയട്ടെ ! അല്ലാഹുവിന്റെ തൃപ്തിയെ നമുക്കായി ആകർഷിച്ചു കൊണ്ടു വരാൻ കഴിയട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ

**Translated & Issued By :**
**R. Jamaludin Raother**
**Amir - Jamaat Ul Sahih Al Islam**
**South Zone - Kerala, India**
**Ph : 9447001832, 0475-2252663**
**E-mail : jamal.raother@gmail.com**
**Web : www.jamaat-ul-sahih-al-islam.com**
**Blog : www.sahih-al-islam.blogspot.in**